## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1531 — 02.07.2015 ൽ മറുപടിയ്ക്ക്

## റബ്ബർ കർഷകരുടെ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ.കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്തെ റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ ;

(എ) ഉണ്ട്

(ബി) സ്വാഭാവിക റബ്ബർ ഉല്പാദനത്തിൽ ഉണ്ടായ വ്യത്യാസം കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുകളുമായി താരതമ്യപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ബി) സ്വാഭാവിക റബ്ബറിന്റെ കഴിഞ്ഞ 3 വർഷങ്ങളിലെ ഉല്പാദനം സംബന്ധിച്ച കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | ഉല്പാദനം |
|---|---|
| 2012-13p | 913700 |
| 2013-14p | 774000 |
| 2014-15p | 655000 |

(സി) റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപ്പാക്കിയ പദ്ധതികൾ വിശദമാക്കാമോ ?

(സി) റബ്ബർ വിലയിടിവ് മൂലം പ്രതിസന്ധിയിലായ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിനും സർക്കാർ ഉത്തരവ് (എം.എസ്) നം.56/2014/കൃഷി, തീയതി 25.02.2014 പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ്, എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്. ഒന്നാം ഘട്ട റബ്ബർ സംഭരണത്തിൽ സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6/- രൂപ കൈകാര്യച്ചെലവ് അനുവദിക്കുന്നതിനായി സർക്കാരിന്റെ സാമ്പത്തിക ബാദ്ധ്യത പരമാവധി 6 കോടി രൂപയിൽ പരിമിതപ്പെടുത്തിക്കൊണ്ട്, കൃഷി, സഹകരണ വകുപ്പുകൾ 2:1 എന്ന അനുപാതത്തിൽ തുക കണ്ടെത്തുകയും,

കൃഷി വകുപ്പിന്റെ വിഹിതമായ 4 കോടി രൂപ, വില സ്ഥിരതക്ക വേണ്ടി വിപണി ഇടപെടൽ എന്ന ശീർഷകത്തിൽ നിന്നും 2013-14-ൽ തന്നെ സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്. റബ്ബർ സംഭരണം ആരംഭിച്ചപ്പോൾ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽ നിന്നും കിലോയ്ക്ക് 2/- രൂപ കൂടുതൽ നൽകി RSS-4 ഗ്രേഡിലുള്ള റബ്ബറാണ് സംഭരിച്ചിരുന്നത്. എന്നാൽ സ.ഉ(എം.എസ്)നം.232/2014/കൃഷി തീയതി 13.10.2014 പ്രകാരം RSS-5 ഗ്രേഡിലുള്ള റബ്ബറും കർഷകരിൽ നിന്നും സംഭരണം നടത്തുന്നതിനുള്ള ഉത്തരവായിട്ടുണ്ട്. തുടർന്ന് സ.ഉ.(എം.എസ്)നം.254/2014/കൃഷി, തീയതി 06.11.2014 പ്രകാരം റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽ നിന്നും കിലോയ്ക്ക് 5/- രൂപ കൂടുതൽ നൽകി RSS-4, RSS-5 ഗ്രേഡിലുള്ള റബ്ബർ സംഭരണത്തിന് ഉത്തരവായിട്ടുണ്ട്.

സംഭരണ ഏജൻസികൾക്കുള്ള പ്രശ്നങ്ങൾ പരിഹരിച്ച് കൊണ്ട് റബ്ബർ സംഭരണം അടിയന്തിരമായി പുനരാരംഭിക്കുന്നതിനായി സ.ഉ.(എം.എസ്) നം.176/2014/കൃഷി, തീയതി 16.08.2014 പ്രകാരം 10 കോടി രൂപ 'വില സ്ഥിരതക്ക വേണ്ടി വിപണി ഇടപെടൽ പദ്ധതി' പ്രകാരം അധികമായി അനുവദിച്ചുകൊണ്ട് 5 കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ്ഫെഡിനും, റബ്ബർമാർക്കിനും അനുവദിച്ച് നൽകുകയും, റബ്ബർ സംഭരണം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്) നം.304/2014/കൃഷി, തീയതി 15.12.2014 പ്രകാരം സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6/- രൂപ നിരക്കിൽ നൽകുന്ന കൈകാര്യച്ചെലവ് 9/- രൂപയാക്കി ഉയർത്തിയിട്ടുണ്ട്. 2015-16-ൽ റബ്ബർ സംഭരണം

ഊർജ്ജിതപ്പെടുത്തുന്നതിനായി സ.ഉ. (എം.എസ്)41/2015 തീയതി 11.03.2015 പ്രകാരം കൃഷി വകുപ്പിന്റെ വില സ്ഥിരതക്ക വേണ്ടി വിപണി ഇടപെടൽ പദ്ധതി പ്രകാരം 1 കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ് ഫെഡിനും, റബ്ബർ മാർക്കിനും അനുവദിച്ച നൽകിയിട്ടുണ്ട്.

റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്നു ബോദ്ധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരിലേക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. സ്വാഭാവിക റബ്ബറിന്റെ ഇറക്കമതി ചുങ്കം 20 ശതമാനമോ, കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്നത് ഉയർത്തിക്കൊണ്ട് 25 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിരക്ക്, കേന്ദ്രസർക്കാർ തീരുമാനമായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ